"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - ജീവനക്കാര്യം - ശ്രീ.സൈജു സെബാസ്റ്റ്യൻ - തഹസീൽദാർ, കാസർഗോഡ് - The Rights of Persons with Disabilities Act 2016 സെക്ഷൻ 20 (4) പ്രകാരമുള്ള ആനുകൂല്യം നൽകി നിയമിക്കുന്നതിന് തഹസീൽദാർ കേഡറിൽ ഒരു സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് ഉത്തരവാകുന്നു.

---

**റവന്യൂ (സി) വകുപ്പ്**

സ.ഉ.(കൈ) നം.320/2025/RD തീയതി,തിരുവനന്തപുരം, 06-11-2025

---

പരാമർശം:- 1. 01.04.2022 തീയതിയിലെ ശ്രീ.സൈജു സെബാസ്റ്റ്യന്റെ അപേക്ഷ.
2. ലാൻഡ് റവന്യൂ കമ്മീഷണറുടെ 01.12.2023 തീയതിയിലെ എൽ.ആർ-5387/2022-എൽ.ആർ(ഇ2) നം. കത്ത്.

**<u>ഉത്തരവ്</u>**

കാസർഗോഡ് ജില്ലാ റവന്യൂ എസ്റ്റാബ്ലിഷ്മെന്റിൽ വെള്ളരിക്കുണ്ട് തഹസിൽദാർ (ഭൂരേഖ) തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.സൈജു സെബാസ്റ്റ്യൻ പാർക്കിൻസൺസ് രോഗബാധിതനും 75% ഭിന്നശേഷിയുമുള്ള ജീവനക്കാരനുമായതിനാൽ പരസഹായമില്ലാതെ യാത്ര ചെയ്യാൻ സാധിക്കുകയില്ലെന്നും എഴുതുവാനോ കമ്പ്യൂട്ടർ മുതലായവ ഉപയോഗിക്കുവാനോ കഴിയുകയില്ലായെന്നും, നിലവിലെ തസ്തികയിൽ ജോലി ചെയ്യാൻ ബുദ്ധിമുട്ടായതിനാൽ The Rights of Persons with Disabilities Act 2016, സെക്ഷൻ 20 (4) പ്രകാരമുള്ള ആനുകൂല്യം നൽകി ഒരു സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിക്കണമെന്ന് ആഭ്യർത്ഥിച്ചുകൊണ്ട് പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (2) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ ശുപാർശയോടുകൂടി സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. The Rights of Persons with Disabilities Act 2016, സെക്ഷൻ 20 (4) പ്രകാരം ഒരു ജീവനക്കാരൻ നിലവിൽ കൈകാര്യം ചെയ്യുന്ന തസ്തികയിൽ ജോലി ചെയ്യാൻ കഴിയാത്ത അവസ്ഥയിൽ ഭിന്നശേഷിയുള്ളയാളാണെങ്കിൽ, ടിയാനെ അതേ ശമ്പള സ്കെയിലും സേവന ആനുകൂല്യങ്ങളുമുള്ള മറ്റൊരു തസ്തികയിലേക്ക് മാറ്റണമെന്നും, അപ്രകാരമുള്ള നടപടി സാദ്ധ്യമല്ലെങ്കിൽ അനുയോജ്യമായ തസ്തിക നിലവിൽ വരുന്നതുവരെയോ ടിയാന്റെ വിരമിക്കൽ വരേയോ, ഏതാണോ ആദ്യം ആയതുവരെ, അദ്ദേഹത്തിനെ ഒരു സൂപ്പർന്യൂമററി തസ്തികയിലേക്ക് നിയമിക്കേണ്ടതുമാണ്.

3.സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കാസർഗോഡ് ജില്ലാ റവന്യൂ എസ്റ്റാബ്ലിഷ്മെന്റിൽ വെള്ളരിക്കുണ്ട് തഹസിൽദാർ (ഭൂരേഖ) തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ സൈജു സെബാസ്റ്റ്യൻ പാർക്കിൻസൺസ് രോഗബാധിതനും 75% ഭിന്നശേഷിയുമുള്ള ജീവനക്കാരനുമായതിനാലും ടിയാന്റെ നിലവിലെ അവസ്ഥ പരിഗണിച്ചും The Rights of

Persons with Disabilities Act 2016, സെക്ഷൻ 20 (4) പ്രകാരം ഉത്തരവ് തീയതി മുതൽ ഇദ്ദേഹത്തിനെ നിയമിക്കുന്നതിന് അനുയോജ്യമായ തസ്തിക നിലവിൽ വരുന്നതുവരെയോ ടിയാന്റെ വിരമിക്കൽ വരെയോ (31.05.2026), ഏതാണോ ആദ്യം ആയതുവരെ, കാസർഗോഡ് ജില്ലയിൽ തഹസീൽദാർ കേഡറിൽ ഇദ്ദേഹത്തിന് അനുയോജ്യമായ ഒരു സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എം ജി രാജമാണിക്കം
സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, കാസർഗോഡ്.
ശ്രീ.സൈജു സെബാസ്റ്റ്യൻ, തഹസീൽദാർ, വെള്ളരിക്കുണ്ട്. കാസർഗോഡ്. (ജില്ലാ കളക്ടർ മുഖാന്തരം)
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തിരുവനന്തപുരം.
ധനകാര്യ വകുപ്പ്/ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്/സാമൂഹ്യനീതി വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി (REV-C1/337/2023-REV)

ഉത്തരവിൻ പ്രകാരം
Signed by
Vinu V. Gopal
Date: 06-11-2025 14:38:25
സെക്ഷൻ ഓഫീസർ

പകർപ്പ് :

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ചീഫ് സെക്രട്ടറിയുടെ പി.എ - യ്ക്ക്
റവന്യൂ വകുപ്പ് സെക്രട്ടറിയുടെ പി.എ - യ്ക്ക്
അഡീഷണൽ സെക്രട്ടറിയുടെ സി.എ - യ്ക്ക്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 05-11-2025

ഫയൽ നം. സി1/337/2023/റവ. ഇനം നം: 3381

വിഷയം : റവന്യൂ വകുപ്പ് - പാർക്കിൻസൺസ് രോഗബാധിതനും 75% ഭിന്നശേഷിയുമുള്ള ശ്രീ. സൈജു സെബാസ്റ്റ്യനെ The Rights of persons with disabilities Act 2016 സെക്ഷൻ 20(4) പ്രകാരമുള്ള ആനുകൂല്യം നൽകി നിയമിക്കുന്നതിന് തഹസിൽദാർ കേഡറിൽ ഒരു സൂപ്പർന്യൂമററി തസ്തിക സൃഷ്ടിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, റവന്യൂ വകുപ്പ്.

3381

**കേരള സർക്കാർ**

**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**

**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | സി1/337/2023-റവ |
| 2 | വകുപ്പ് | : | റവന്യൂ (സി) വകുപ്പ് |
| 3 | വിഷയം | : | പാർക്കിൻസൺസ് രോഗബാധിതനും 75% ഭിന്നശേഷിയുമുള്ള ശ്രീ സൈജു സെബാസ്റ്റ്യനെ The Rights of persons with disabilities Act 2016 സെക്ഷൻ 20 (4) പ്രകാരമുള്ള ആനുകൂല്യം നൽകി നിയമിക്കുന്നതിന് തഹസിൽദാർ കേഡറിൽ ഒരു സൂപ്പർന്യൂമററി തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 16/10/2025 |
| 5 | I)ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>ii)സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾ ക്കൊള്ളിച്ചിട്ടുണ്ടോ? | :<br>: | അതെ<br>ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 7 | കരട് കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര്. | : | ശ്രീമതി.ശോഭ.വി |
| 8 | കരട് കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര്. | : | ശ്രീ.എം.ജി.രാജമാണിക്കം |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 30/10/2025 |
| 10 | കരട് കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര്. | : | ഡോ.എ.ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 01/11/2025 |
| 12 | കരട് കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര്. | : | ശ്രീ.കെ.രാജൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 03/11/2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 04/11/2025 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കാസർഗോഡ് ജില്ലാ റവന്യൂ എസ്റ്റാബ്ലിഷ്മെന്റിൽ വെള്ളരിക്കുണ്ട് താലൂക്ക് തഹസിൽദാർ (ഭൂരേഖ) തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന പാർക്കിൻസൺസ് രോഗബാധിതനും 75% ഭിന്നശേഷിയുമുള്ള ശ്രീ സൈജു സെബാസ്റ്റ്യന് തഹസിൽദാർ/സീനിയർ സൂപ്രണ്ട് തസ്തികയിൽ ജോലി ചെയ്യാൻ കഴിയാത്ത അവസ്ഥയിൽ ടിയാനെ നിയമിക്കുന്നതിന് അനുയോജ്യമായ സമാന തസ്തിക കാസർഗോഡ് റവന്യൂ വിഭാഗത്തിൽ നിലവിലില്ലാത്തതിനാൽ, The Rights of persons with disabilities Act 2016 സെക്ഷൻ 20 (4) പ്രകാരമുള്ള ആനുകൂല്യം നൽകി ടിയാനെ അനുയോജ്യമായ തസ്തികയിൽ ഒഴിവു വരുന്നതുവരെയോ വിരമിക്കൽ വരെയോ, ഏതാണോ ആദ്യം ആയതുവരെ ഒരു സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് പ്രസ്തുത തസ്തികയിലേയ്ക്ക് നിയമിക്കുന്നതിനു അനുമതി നൽകുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പ്.

2. ശ്രീ സൈജു സെബാസ്റ്റ്യൻ പാർക്കിൻസൺസ് രോഗബാധിതനും 75% ഭിന്നശേഷിയുള്ള ജീവനക്കാരനുമായതിനാൽ, മറ്റൊരാളുടെ സഹായമില്ലാതെ യാത്ര ചെയ്യാൻ സാധിക്കാത്തതിനാലും, എഴുതുവാനോ കംപ്യൂട്ടർ മുതലായവ ഉപയോഗിക്കാനോ കഴിയാത്തതിനാലും, ടിയാന് നിലവിലെ തസ്തികയിൽ ജോലി ചെയ്യാൻ ബുദ്ധിമുട്ടായതിനാൽ, The Rights of persons with disabilities Act 2016 സെക്ഷൻ 20 (4) പ്രകാരമുള്ള ആനുകൂല്യം നൽകുന്നതിനായി സർക്കാർ മുമ്പാകെ അപേക്ഷിച്ചിരുന്നു.

3. The Rights of persons with disabilities Act 2016, സെക്ഷൻ 20 (4) ചുവടെ ചേർക്കും പ്രകാരമാണ്.

*(4)* "No Government establishment shall dispense with or reduce in rank, an employee who acquires a disability during his or her service Provided that, if an employee after acquiring disability is not suitable for the post he was holding, shall be shifted to some other post with the same pay scale and service benefits:

Provided further that if it is not possible to adjust the employee against any post, he may be kept on a supernumerary post until a suitable post is available or he attains the age of superannuation, whichever is earlier."

4. പ്രസ്തുത നിയമ പ്രകാരം, ഒരു ജീവനക്കാരൻ നിലവിൽ കൈകാര്യം ചെയ്യുന്ന തസ്തികയിൽ ജോലി ചെയ്യാൻ കഴിയാത്ത അവസ്ഥയിൽ ഭിന്നശേഷിയുള്ളയാളാണെങ്കിൽ, ടിയാനെ അതേ ശമ്പള സ്കെയിലും സേവന ആനുകൂല്യങ്ങളുമുള്ള മറ്റൊരു തസ്തികയിലേക്ക് മാറ്റണമെന്നും, അപ്രകാരമുള്ള നടപടി സാദ്ധ്യമല്ലെങ്കിൽ അനുയോജ്യമായ തസ്തിക നിലവിൽ വരുന്നതുവരെയോ ടിയാന്റെ വിരമിക്കൽ വരേയോ, ഏതാണോ ആദ്യം ആയതുവരെ, അദ്ദേഹത്തിനെ ഒരു സൂപ്പർന്യൂമററി തസ്തികയിലേക്ക് നിയമിക്കണമെന്നുമാണ്, നിഷ്കർഷിച്ചിരിക്കുന്നത്.

5. ശ്രീ.സൈജു സെബാസ്റ്റ്യൻ വിരമിക്കുന്നത് 31/05/2026 ലാണ്. ടിയാനെ നിയമിക്കുന്നതിന് അനുയോജ്യമായ സമാന തസ്തിക കാസർഗോഡ് റവന്യൂ വിഭാഗത്തിൽ നിലവിലില്ലാത്തതിനാൽ, ടിയാനെ അനുയോജ്യമായ തസ്തിക വരുന്നതുവരെയോ വിരമിക്കൽ വരെയോ, ഏതാണോ ആദ്യം ആയതുവരെ ഒരു സൂപ്പർന്യൂമററി തസ്തികയിലേക്ക് നിയമിക്കാവുന്നതാണെന്നാണ് ലാൻഡ് റവന്യൂ കമ്മീഷണർ ശിപാർശ ചെയ്തിട്ടുള്ളത്.

6. പ്രസ്തുത വിഷയത്തിൽ സാമൂഹ്യ നീതി വകുപ്പ്, നിയമ വകുപ്പ്, ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്, ധന വകുപ്പ് തുടങ്ങിയ വകുപ്പുകളുടെ അഭിപ്രായം തേടിയിരുന്നു.

7. സാമൂഹ്യ നീതി വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കും വിധമായിരുന്നു.

The Rights of persons with disabilities Act 2016 ,സെക്ഷൻ 20 (4) ൽ പറയുന്ന കാര്യങ്ങൾ ചുവടെ ചേർക്കും വിധം ആണ്.

*(4) " No Government establishment shall dispense with or reduce in rank, an employee who acquires a disability during his or her service:*

*Provided that, if an employee after acquiring disability is not suitable for the post he was holding, shall be shifted to some other post with the same pay scale and service benefits:*

*Provided further that if it is not possible to adjust the employee against any post, he may be kept on a supernumerary post until a suitable post is available or he attains the age of superannuation, whichever is earlier."*

*"കാസർഗോഡ് ജില്ലാ റവന്യൂ എസ്റ്റാബ്ലിഷ്മെന്റിൽ വെള്ളരിക്കുണ്ട് തഹസിൽദാർ (ഭൂരേഖ) തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ സൈജു സെബാസ്റ്റ്യൻ ഭിന്നശേഷി അവകാശ നിയമം 2016 ലെ സെക്ഷൻ 20(4) വകുപ്പ് പ്രകാരം മേൽ ആനുകൂല്യം ലഭിക്കുവാൻ അർഹനാണെന്നു കാണുന്നു. ഈ സാഹചര്യത്തിൽ ഭിന്നശേഷി അവകാശ നിയമം 2016 ലെ സെക്ഷൻ 20(4) വകുപ്പ് പ്രകാരവും, ധനകാര്യ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പുകളുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലും റവന്യൂ വകുപ്പ് ഉചിത നടപടി സ്വീകരിക്കേണ്ടതാണെന്ന വിവരം അറിയിക്കുന്നു."*

8. മേൽ വിഷയത്തിൽ നിയമ വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർത്തിരിക്കുന്നു.

*"75% ഭിന്നശേഷിക്കാരനാണെന്ന് മെഡിക്കൽ സർട്ടിഫിക്കറ്റ് പ്രകാരം സാക്ഷ്യപ്പെടുത്തിയിട്ടുള്ള ശ്രീ. സൈജു സെബാസ്റ്റ്യന് ലാൻഡ് റവന്യൂ കമ്മീഷണറുടെ റിപ്പോർട്ട്, സാമൂഹ്യ നീതി വകുപ്പ് രേഖപ്പെടുത്തിയിട്ടുള്ള അഭിപ്രായം എന്നിവ പരിഗണിച്ച് 2016-ലെ ഭിന്നശേഷി അവകാശ നിയമം 20 (4) പ്രകാരമുള്ള ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനുള്ള നടപടികൾ അനുഭാവപൂർവ്വം സ്വീകരിക്കാവുന്നതാണെന്ന് ഭരണ വകുപ്പിനെ അറിയിക്കാവുന്നതാണ്. എന്നാൽ അപേക്ഷകൻ സമർപ്പിച്ചിട്ടുള്ള മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ ആധികാരികത ഭരണ വകുപ്പ് പരിശോധിച്ചുറപ്പുവരുത്തേണ്ടതാണ്."*

9. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് അഭിപ്രായപെട്ടത് താഴെ പറയും പ്രകാരം ആയിരുന്നു.

*"ശ്രീ സൈജു സെബാസ്റ്റ്യന് The Rights of persons with disabilities Act 2016, സെക്ഷൻ 20 (4)-ലെ വ്യവസ്ഥ പ്രകാരമുള്ള ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടത് സാമൂഹ്യനീതി വകുപ്പാണ്. സാമൂഹ്യനീതി വകുപ്പിന്റെയും, നിയമവകുപ്പിന്റെയും അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ഭരണവകുപ്പിനു ഉചിത തീരുമാനം എടുക്കാവുന്നതാണ്."*

10. ഇതുമായി ബന്ധപെട്ടു ധനകാര്യ വകുപ്പിന്റെ അഭിപ്രായം കണ്ടാലും.

*"The Right of persons with Disabilities Act, 2016 പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള ഡിസെബിലിറ്റി സർട്ടിഫിക്കറ്റ് (75% disability) ലഭ്യമാക്കിയിട്ടുള്ളതിനാലും, ടി ആക്ട് പ്രകാരമുള്ള ആനുകൂല്യത്തിനുള്ള അർഹത സംബന്ധിച്ച് സാമൂഹ്യനീതി വകുപ്പും, നിയമവകുപ്പും ഉദ്യോഗസ്ഥ ഭരണപരിഷ്കാരവകുപ്പും ലഭ്യമാക്കിയ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലും ശ്രീ സൈജു സെബാസ്റ്റ്യനു RPWD Act 2016 Section 20(4) പ്രകാരം സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് പ്രസ്തുത തസ്തികയിലേയ്ക്ക് നിയമിക്കുന്നതിന് ഭരണ വകുപ്പിന് അനുമതി നൽകുന്നു. അപേക്ഷകൻ സമർപ്പിച്ചിട്ടുള്ള മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ ആധികാരികത ഭരണ വകുപ്പ് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണെന്നു കൂടി ഭരണവകുപ്പിനെ അറിയിക്കുന്നു."*

11. അപേക്ഷകൻ സമർപ്പിച്ചിട്ടുള്ള മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ ആധികാരികത ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) പരിശോധിച്ച് ഉറപ്പു വരുത്തിയിട്ടുള്ള വിവരം ലാൻഡ് റവന്യൂ കമ്മീഷണർ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

12. സാമൂഹ്യ നീതി വകുപ്പ്, നിയമ വകുപ്പ്, ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്, ധന വകുപ്പ് തുടങ്ങിയ വകുപ്പുകളുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ഉത്തരവിനായി ഫയൽ ബഹു. റവന്യൂ മന്ത്രി മുഖാന്തിരം ബഹു. മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ചപ്പോൾ ഇക്കാര്യം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിരുന്നു.

## തീരുമാനിക്കേണ്ട വിഷയം

കാസർഗോഡ് ജില്ലാ റവന്യൂ എസ്റ്റാബ്ലിഷ്മെന്റിൽ വെള്ളരിക്കുണ്ട് തഹസിൽദാർ (ഭൂരേഖ) തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന പാർക്കിൻസൺസ് രോഗബാധിതനും 75% ഭിന്നശേഷിയുള്ള ശ്രീ. സൈജു സെബാസ്റ്റ്യൻ തഹസിൽദാർ/സീനിയർ സൂപ്രണ്ട് തസ്തികയിൽ ജോലി ചെയ്യാൻ കഴിയാത്ത അവസ്ഥയിൽ ഭിന്നശേഷിയുള്ള ആളായതിനാലും, ടിയാനെ നിയമിക്കുന്നതിന് അനുയോജ്യമായ സമാന തസ്തിക കാസർഗോഡ് റവന്യൂ വിഭാഗത്തിൽ നിലവിലില്ലാത്തതിനാലും, The Rights of persons with disabilities Act 2016 സെക്ഷൻ 20 (4) പ്രകാരമുള്ള ആനുകൂല്യം നൽകി ടിയാനെ അനുയോജ്യമായ തസ്തിക വരുന്നതുവരെയോ വിരമിക്കൽ വരെയോ (31/05/2026), ഏതാണോ ആദ്യം ആയതുവരെ തഹസിൽദാർ കേഡറിൽ ഒരു സൂപ്പർന്യൂമററി തസ്തിക ഉത്തരവ് തീയതി പ്രാബല്യത്തിൽ സൃഷ്ടിച്ച് പ്രസ്തുത തസ്തികയിൽ നിയമിക്കാമോ?